കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് എന്നിവ വാങ്ങാൻ അനുവദിച്ചിരുന്ന അയ്യായിരം രൂപ പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. രണ്ടാം തവണ മരണാനന്തര ചടങ്ങുകൾക്കായി അനുവദിച്ചിരുന്ന പതിനായിരം രൂപ എന്നത് മരണാനന്തര സഹായം എന്ന് പുനർനാമകരണം ചെയ്ത് ഒരു ലക്ഷം രൂപയായും ചികിത്സാ സഹായം ഗുരുതര രോഗങ്ങൾക്ക് അൻപതിനായിരം രൂപയായും ഇതര രോഗങ്ങൾക്ക് ഇരുപതിനായിരം രൂപയായും വർദ്ധിപ്പിച്ചു.

(ഡി) 2013 ജൂൺ മാസം ഒന്നാം തീയതി മുതലാണ് ഇപ്പോഴുള്ള വർദ്ധിപ്പിച്ച ധനസഹായങ്ങൾ പ്രാബല്യത്തിൽ വന്നത്.

പ്രവാസി ക്ഷേമ പദ്ധതി

71 (†3355) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചുവരുന്നവർക്കും പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അംഗമാകുന്നതിനുള്ള പ്രായം നിലവിൽ 18 നും 55 നും മധ്യേയാണ്.

(ബി) പ്രവാസി കേരളീയ ക്ഷേമ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്:

- അഞ്ചുവർഷത്തിൽ കുറയാത്തതും 60 വയസ്സുവരെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.
- ആശ്രിതർക്ക് കുടുംബ പെൻഷൻ

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

- അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം നേരിടുകയോ, മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.
- അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.
- അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ചികിത്സാസഹായം.
- വനിതാംഗത്തിനും അംഗങ്ങളുടെ ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായം.
- കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം.
- മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള വിദ്യാഭ്യാസ ഗ്രാന്റ്.

പ്രവാസി മലയാളികൾ

72 (3356) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ കൃത്യമായ വിവരശേഖരണം ഇല്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനത്തിനും അവർക്കായുള്ള പുനരധിവാസ പദ്ധതികൾ കാര്യക്ഷമായ രീതിയിൽ ആസൂത്രണം ചെയ്യുന്നതിനുമായി നോർക്ക വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി ചേർന്ന് പ്രവാസി മലയാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

തീവ്രവാദ ഭീഷണിയെത്തുടർന്ന് കേരളത്തിലേയ്ക്ക് തിരിച്ചുവന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പ

73 (3357) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തീവ്രവാദ ഭീക്ഷണിയെ തുടർന്ന് കേരളത്തിലേക്ക് തിരിച്ചു വന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പയിൽ ഇളവുകൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly